# പതിമൂന്നാം കേരള നിയമസഭ

# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **31-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 3933**

## <u>കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ പുതിയ യൂണിറ്റുകൾ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ ഏതെങ്കിലും യൂണിറ്റ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ യൂണിറ്റ് സംസ്ഥാനത്ത് പുതിയതായി ആരംഭിച്ചിട്ടില്ല. |
| (ബി) കേന്ദ്ര പൊതുമേഖലാ നിക്ഷേപം ഏതെങ്കിലും മേഖലയിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായും ഇന്ത്യയിലും, ആഗോളതലത്തിലും വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

- കേന്ദ്ര സർക്കാർ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംരംഭത്തിന് ധാരാണാ പത്രം 04/04/2013 തീയതിയിൽ ഒപ്പിട്ടിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി SAIL ന്റെയും കേരള സർക്കാരിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലബാർ സിമന്റ്സിന് ക്ലിങ്കർ ലഭ്യമാക്കി ഉൽപ്പാദനം ഇരട്ടിയാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാനും ചേർത്തല യൂണിറ്റ് തുറക്കുവാനുമുള്ള നടപടികൾ നടന്നുവരുന്നു.

- കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സഹകരിച്ച് മലബാർ സിമന്റ്സ് ലിമിറ്റഡ് ഒരു സിമന്റ് ലോജിസ്റ്റിക് ഹബ് ആരംഭിക്കുന്ന പദ്ധതിയ്ക്ക് പ്ലാനിംഗ് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ച് വരികയാണ്.

- കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡും എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്നുള്ള പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനായി എസ്.ബി.ഐ. ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

- സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനുമായി സഹകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ ക്ലിങ്കർ, ലൈംസ്റ്റോൺ എന്നിവ ഇറക്കുമതി ചെയ്യാനുള്ള പദ്ധതിയുടെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

- MSTC Ltd. - ന്റെ സഹായത്തോടുകൂടി കൽക്കരി ലഭ്യമാക്കുന്നതിനുള്ള പദ്ധതി മലബാർ സിമന്റ് ലിമിറ്റഡ് നടപ്പിലാക്കി.

- കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി ഗുണമേൻമയുള്ള പഞ്ഞി ലഭ്യമാക്കുന്നതിനും എൻ.സി.ഡി.സി.വഴി ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി പ്രവർത്തന മൂലധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ